മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—കൃഷി ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് ആവശ്യമുണ്ടെന്നുവെച്ച് പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽ പണം മിച്ചം ആക്കിയതൊ, പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിലെ ആവശ്യം കഴിച്ചു മിച്ചം ആയതൊ? ഇതിൽ ഏതു തരത്തിൽ മിച്ചംവന്ന പണമാണ് കൃഷി ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് മാറ്റിയതെന്ന് വ്യക്തമാകുന്നില്ല.

പ്രസിഡെണ്ട്.—പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിലെ പണികൾ നടത്തിയ ശേഷം മിച്ചം വന്നതൊ അതിലെ പണികൾ നടത്താതെ കൃഷി ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് പണം ആവശ്യമുണ്ടെന്നുവെച്ച് മിച്ചം ആക്കിയതൊ എന്നാണൊ ചോദിക്കുന്നത്. (*Laughter.*)

മിസ്റ്റർ ഐ. രാമമേനോൻ.—ചിലവുചെയ്യാതെ മിച്ചം ഉണ്ടായിരുന്നതുകൊണ്ടാണ് കൃഷി ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് എടുത്തതെന്ന് മറുപടിയിൽ തന്നെ പറഞ്ഞിട്ടുണ്ടല്ലൊ?

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—ചിലവുചെയ്യാതെ മിച്ചം ആയതുകൊണ്ട് മാറ്റിയതെന്നാണ് മറുപടിയിൽ പറയുന്നത്. ചിലവ് ഉണ്ടായിരുന്നിട്ടും ചിലവുചെയ്യാതെ കൃഷി ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് ആവശ്യമുണ്ടെന്നുവെച്ച് മിച്ചം ആക്കിയതൊ, ചിലവുചെയ്ത് മിച്ചം ആയതൊ? ഇതിൽമിച്ചം ആയതൊ ആക്കിയതൊ (*Laughter*) എന്നാണ് ഞാൻ ചോദിക്കുന്നതിന്റെ അർത്ഥം.

മിസ്റ്റർ ഐ. രാമമേനോൻ.—ചിലവ് ഉണ്ടായിരുന്നു. എന്നാൽ അതു യും ചെലവാകേണ്ടിവന്നില്ല. അങ്ങിനെ മിച്ചം ആയതാണ് കൃഷിഡിപ്പാർട്ടുമെണ്ടിലേയ്ക്ക് എടുത്തത്.

പ്രസിഡെണ്ട്.—ഇപ്പോൾ സ്പഷ്ടമായില്ലെ?

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—ഉവ്വ്.

The qualification for a Panchayatdar.

360. Mr. I. E. Ambookan.—Will the Government be pleased to state whether they have come to know the present qualification for a Panchayatdar is too much and whether they propose to reduce the tax qualification now fixed by the same?

Mr. I. Raman Menon.—There have been representations to the Government that the present tax qualification is high, and the matter has been referred to the several Panchayats for an expression of their views. The question of reduction will be considered after the reports called for from them are received.

Improvement to the present system of Panchayat Administration.

361. മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—സംസ്ഥാനത്തെ ഇപ്പോഴത്തെ പഞ്ചായത്തുകളിലെ എല്ലാഅംഗങ്ങളേയും വിളിച്ചുകൂട്ടി ഒരു മഹായോഗം നടത്തി അവരുടെ അഭിപ്രായം അറിഞ്ഞ് പ്രസ്തുത പ്രസ്ഥാനത്തെ പരിഷ്കരിക്കണമെന്ന് ഗവർമ്മെണ്ടിനോട് ഏതെങ്കിലും പഞ്ചായത്തുകാർ അപേക്ഷിച്ചിട്ടുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly